'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2084/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/09/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.02.2015-ലെ ഇ5(എസ് സി 42/2014/ഇആർകെ)23278/2014നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 18.03.2015-ലെ 1677/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 05.10.2015-ലെ 251/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 11.01.2017-ലെ 251/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

6 സ.ഉ.(സാധാ)നം.2599/2018/തസ്വഭവ തീയതി 09.10.2018

7 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.11.2018-ലെ എവിഎസ്-1580/16 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ (നിലവിൽ നഗരസഭ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിലെ ഹൈജിനിക് ഫിഷ് മാർക്കറ്റിലെ സ്റ്റാളുകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് പഞ്ചായത്തും ലൈസൻസിയും തമ്മിലുള്ള എഗ്രിമെന്റ് സൂക്ഷിച്ചിരുന്നില്ലെന്നും, ഇതു സംബന്ധിച്ച ഫയലിൽ ഒരു രേഖപ്പെടുത്തലുകളും ഇല്ലാത്ത വെറും ബ്ലാങ്ക് മുദ്രപ്പത്രമാണ് ഉണ്ടായിരുന്നതെന്നും ലേല ദിവസം ലേല ഡയറി സൂക്ഷിച്ചിരുന്നില്ലെന്നും വാടകയിനത്തിൽ പിരിച്ചെടുക്കുന്നതിൽ വൻ തുക കുടിശ്ശിക വരുത്തിയിരുന്നുവെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദികളായ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ. ഒ.എസ്. വീരേന്ദ്രൻ, ശ്രീ. സൈമൺ വർഗ്ഗീസ്, സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ജയശങ്കർ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയശങ്കറിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകിയും സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം രണ്ട് വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4)

പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയും അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങൾ നിഷേധിക്കുകയുണ്ടായി. തുടർന്ന് ടിയാളുകൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി നടപടിക്രമങ്ങളുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (6) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത ലേലം വിളിയുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കാൻ ഏറ്റുമാനൂർ നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഫയൽ കണ്ടെത്താനായില്ലെന്ന് നഗരസഭാ സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഫയൽ ലഭ്യമല്ലാത്തതിനാൽ കണ്ടെത്തലുകൾ നടത്തുന്നതിനോ അതിന്റെ അടിസ്ഥാനത്തിൽ ശുപാർശ നൽകാനോ കഴിയുന്നില്ലെന്നും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണ വേളയിലും ഈ വിഷയത്തിൽ ലോക്കൽ ഫണ്ട് വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അവസരത്തിലും ഫയൽ ഉണ്ടായിരുന്നതാണെന്നും എന്നാൽ ഇപ്പോൾ ഫയൽ ലഭ്യമല്ലെന്നും, ഇവ പരിശോധിക്കുമ്പോൾ കുറ്റാരോപണത്തിലെ കാര്യങ്ങൾക്കു ഇവർ ഉത്തരവാദികളാണെന്നു കണ്ടെത്താൻ കഴിയില്ലായെന്നും എന്നാൽ മേൽനോട്ടക്കുറവ് രണ്ടുപേരുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീ. ഒ.എസ്. വീരേന്ദ്രനെ നേരിൽ കേട്ട വേളയിൽ ചട്ട പ്രകാരമുള്ള നടപടികൾ മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും കുടിശ്ശിക എല്ലാം പിരിച്ചെടുത്തിട്ടുള്ളതാണെന്നും ലേല ഡയറി ഉണ്ടായിരുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ലേല നടപടികൾ അംഗീകരിച്ചതിന് ശേഷം അത് പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങിയിരുന്നുവെന്നും അതിനു ശേഷം മാത്രമാണ് എഗ്രിമെന്റ് വയ്ക്കുന്നത് എന്നും അതിനുള്ള നടപടികൾ സെക്ഷനിൽ കൈകാര്യം ചെയ്ത് ഒപ്പ് വയ്ക്കുന്നതിനായി സെക്രട്ടറിയ്ക്ക് നൽകേണ്ടതാണെന്നും നേരത്തെ നൽകിയിരുന്ന എതിർവാദ പത്രികയിലെ വിവരങ്ങളിൽ കൂടുതലൊന്നും തനിയ്ക്ക് ഈ വിഷയത്തിൽ ബോധിപ്പിക്കുവാനില്ലെന്നും സർക്കാരിനോ ഗ്രാമപഞ്ചായത്തിനോ (നിലവിൽ നഗരസഭ) യാതൊരു സാമ്പത്തിക നഷ്ടവും ലേല നടപടികൾ മൂലം ഉണ്ടായിട്ടില്ലെന്നും വീഴ്ച വന്നിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും ശിക്ഷ പിൻവലിക്കണമെന്നും ശ്രീ. ഒ.എസ്. വീരേന്ദ്രൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. സൈമൺ വർഗ്ഗീസിനെ നേരിൽ കേട്ട വേളയിൽ 22.10.2013-ന് ലേലം വിളിക്കുന്ന സമയത്ത് താൻ അവിടെ ജോലി ചെയ്തിരുന്നില്ലായെന്നും 17.06.2014 മുതൽ 26.09.2014 വരെ മാത്രമാണ് താൻ അവിടെ സെക്രട്ടറിയായി ജോലി ചെയ്തതെന്നും ബോധിപ്പിച്ചിട്ടുണ്ട്. എതിർവാദ പത്രികയിൽ ബോധിപ്പിച്ചിരുന്ന വിവരങ്ങളിൽ കൂടുതലൊന്നും പറയാനില്ലായെന്നും 2015 നവംബർ മാസത്തിൽ സേവനത്തിൽ നിന്നും വിരമിച്ചതാണെന്നും ഇതുവരെയായും പെൻഷനും കമ്മ്യൂട്ടേഷനും ലഭിച്ചിട്ടില്ലായെന്നും താൻ യാതൊരു തെറ്റും ചെയ്തിട്ടില്ല എന്നും പെൻഷനിൽ നിന്നും കുറവു വരുത്താൻ എടുത്ത തീരുമാനം പിൻവലിക്കണമെന്നും ശ്രീ. സൈമൺ വർഗ്ഗീസ് അപേക്ഷിച്ചു.

ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർ സമർപ്പിച്ച പ്രതിവാദ

പത്രികയുടെയും നേരിൽ കേട്ടവേളയിൽ ടിയാളുകൾ സമർപ്പിച്ച വാദങ്ങളുടെയും അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ടിൽ ആരോപിക്കപ്പെട്ട കുറ്റം കണ്ടെത്താൻ കഴിയാത്തതിനാലും മേൽനോട്ടക്കുറവ് എന്നത് മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും ശ്രീ. ഒ.എസ്. വീരേന്ദ്രൻ, ശ്രീ. സൈമൺ വർഗ്ഗീസ് എന്നിവരുടെ പെൻഷനിൽ കുറവ് വരുത്തക്ക കഠിന ശിക്ഷ നൽകേണ്ടതില്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ, എന്നിവർക്കെതിരായ അച്ചടക്കനടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കിയും, സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ജയശങ്കറിനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിനും, കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നഗരസഭയിൽ ലഭ്യമല്ലായെന്നു രേഖാമൂലം നഗരസഭാ സെക്രട്ടറി അറിയിച്ചിരുന്നതായി അന്വേഷണ ഉദ്യോസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫയൽ നഷ്ടപ്പെട്ടതിന് ഉത്തരവാദികളെ കണ്ടെത്തി ഉത്തരവാദിത്തം ചുമതലപ്പെട്ടവരുടെ മേൽ ഫിക്സ് ചെയ്ത് അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/370/2019/വിജി. തീയതി 06.03.2019 പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/251/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ